**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2087** **12-02-2024 - ൽ മറുപടിയ്ക്ക്**

**ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സയന്റിഫിക് ഓഫീസർ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ സയന്റിഫിക് ഓഫീസർ തസ്തികയിലേക്ക്(കാറ്റഗറി നമ്പർ 633/2023) ഇപ്പോൾ ഏതെല്ലാം വിദ്യാഭ്യാസ യോഗ്യതയുള്ളവർക്കാണ് അപേക്ഷിക്കാൻ കഴിയുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കേരള പബ്ളിക്ക് സർവ്വീസ് കമ്മീഷൻ്റെ 30.12.2023 ലെ കാറ്റഗറി 633/2023 നമ്പരായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള സയൻ്റിഫിക്ക് ഓഫീസർ (കെമിസ്ട്രി) തസ്തികയുടെ യോഗ്യതകൾ ചുവടെ ചേർക്കുന്നു.<br><br>**Essential Qualification :-**<br><br>Post Graduate Degree in Chemistry with not less than 50% marks from a recognized university<br><br>**Preferential Qualification:-**<br><br>1. M.Phil Degree in Chemistry from a recognized University.<br>2. Two years Research/Analytical experience in Chemistry from a recognized Institution. |
| (ബി) | ഫോറൻസിക് സയൻസിൽ ബിരുദാനന്തര ബിരുദ യോഗ്യതയുള്ളവർക്ക് പ്രസ്തുത തസ്തികയിലേക്ക് അപേക്ഷിക്കാൻ കഴിയില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലെ വിശേഷാൽ ചട്ടത്തിൽ സയൻ്റിഫിക്ക് ഓഫീസർ തസ്തികയുടെ യോഗ്യതയായി എം.എസ്.സി ഫോറൻസിക്ക് സയൻസ് നിശ്ചയിച്ചിട്ടില്ലാത്തതിനാലാണ് പ്രസ്തുത യോഗ്യതയുള്ളവർക്ക് അപേക്ഷിക്കുവാൻ കഴിയാത്ത സാഹചര്യമുണ്ടായത് .എം. എസ്.സി ഫോറൻസിക്ക് സയൻസ് ഉൾപ്പെടെ അധിക യോഗ്യതകൾ നിശ്ചയിച്ചുകൊണ്ട് വിശേഷാൽ ചട്ടം ഭേദഗതി ചെയ്യുന്ന വിഷയം സർക്കാരിൻ്റെ സജീവ പരിഗണനയിലാണ്. |
| (സി) | പ്രസ്തുത തസ്തികയിലേക്ക് അപേക്ഷിക്കുന്നതിന് പൂർണ്ണ യോഗ്യതയുണ്ടായിട്ടും ഫോറൻസിക് സയൻസിൽ ബിരുദാനന്തര ബിരുദ യോഗ്യതയുള്ളവരെ ഒഴിവാക്കിയത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | (ബി)യിൽ ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത യോഗ്യതയുള്ളവർക്ക് കൂടി അപേക്ഷിക്കാൻ അവസരം നൽകുന്നതിന് വീണ്ടും നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | നിലവിൽ ഈ വിഷയം സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ